Catholic Syro Malabar Eparchy of Great Britain presents

# തിരുസഭയുടെസംരക്ഷകനും തിരുക്കുടുംബനാഥനുമായ
# മാർ യൗസേപ്പിനോടൊത്തുള്ള
# മധ്യസ്ഥപ്രാർത്ഥന




**ആബാദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ**
**കൃപനിറഞ്ഞ മർത്ത്മറിയത്തോടും നീതിമാനായ മാർ യൗസേപ്പിനോടും**
**ചേർന്ന് ഞങ്ങൾ അങ്ങയെ കുമ്പിട്ട്, ആരാധിച്ച് സ്തോത്രം ചെയ്യുന്നു.**

Imprimatur : **Mar Joseph Srampickal**
(Bishop Syro- Malabar Epharchy of Great Britain)
Written & Prepared by : Fr. Joy Chencheril MCBS & Mr.S.Thomas

# ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപത



## തിരുസഭയുടെ സംരക്ഷകനും തിരുക്കുടുംബത്തിന്റെ നാഥനുമായ മാർ യൗസേപ്പിന്റെ മധ്യസ്ഥത അപേക്ഷിച്ചു നമുക്ക് പ്രാർത്ഥിക്കാം

**പ്രാരംഭഗാനം:**

രീതികളെല്ലാം നീതിയിലാക്കിയ
കാരുണ്യരൂപമേ കൈതൊഴുന്നേൻ
കാവലായ് ഞങ്ങൾതൻ ജീവിതപാതയിൽ
നീയുണ്ടെന്നറിയുന്നതെത്ര ഭാഗ്യം

*യൗസേപ്പിതാവേ സ്നേഹതാതാ*
*ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ*

സ്നേഹത്തിൽ നീയൊരു ദീപ്തഭാവം
സഹനത്തിൽ നീയൊരു മൗനരൂപം
സർവ്വേശ്വരൻ തന്ന സ്നേഹദാനം
സകലർക്കും നീയൊരു സ്നേഹതാതൻ

*യൗസേപ്പിതാവേ സ്നേഹതാതാ*
*ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ*

സ്വച്ഛന്ദമാമൊരു നീർത്തടാകം
സ്വപ്നങ്ങൾകൊണ്ടൊരു തീർത്ഥയാനം
സ്വർഗത്തിൽ നീയൊരു സ്നേഹതാരം
സത്യത്തിൽ നീയാണ് മാർഗദീപം

*യൗസേപ്പിതാവേ സ്നേഹതാതാ*
*ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ*

**ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും നാമത്തിൽ ആമ്മേൻ.**

നീതിമാനും നല്ലവനും കരുണാനിധിയുമായ കർത്താവേ, എളിയവരും പാപികളും അയോഗ്യരുമായ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ഈശോമിശിഹായുടെ വളർത്തുപിതാവും മർത്ത് മറിയത്തിന്റെ ഭർത്താവുമായ മാർ യൗസേപ്പിന്റെ സ്തുതിക്കായി ഈ ജപം ചെയ്യുവാൻ ആഗ്രഹിക്കുന്ന ഞങ്ങളിൽ കനിയണമേ. മാർ യൗസേപ്പിന്റെ സുകൃതങ്ങളിൽ പ്രസാദിച്ച്, ഞങ്ങളെ അനുഗ്രഹിക്കുകയും തിരുസഭയിലൂടെ അങ്ങേക്ക് നിരന്തരം കൃതജ്ഞതയർപ്പിച്ചുകൊണ്ട് എന്നും എപ്പോഴും അങ്ങയുടേതായിരിക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ, ആമ്മേൻ.

**വിശ്വാസപ്രമാണം:** സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ടു. പാതാളങ്ങളിലിറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നും മൂന്നാംനാൾ ഉയിർത്ത്, സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി, സർവശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു, വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

**1. സ്വർഗ.**

പിതാവായദൈവം തന്റെ നിധികളുടെ സൂക്ഷിപ്പുകാരനായി തിരഞ്ഞെടുത്ത മാർ യൗസേപ്പേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യം ഉണ്ടായി വളരുന്നതിന് അങ്ങയുടെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1. സ്വർഗ. 1 നന്മ.**

പുത്രനായ ഈശോമിശിഹായുടെ വളർത്തുപിതാവായ മാർ യൗസേപ്പേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യം ഉണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. .

**1. സ്വർഗ. 1 നന്മ.**

റൂഹാദ്ക്കുദ്ശായുടെ പ്രചോദനങ്ങളെ ജീവിതപ്രമാണങ്ങളാക്കിയ മാർ യൗസേപ്പേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യം ഉണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1. സ്വർഗ. 1 നന്മ.**

## 1. ഒന്നാം ദൈവരഹസ്യം

മർത്ത് മറിയവുമായി വിവാഹനിശ്ചയംചെയ്ത് (മത്താ.1:18), ദൈവികപദ്ധതിക്ക് കീഴ്വഴങ്ങിയ മാർ യൗസേപ്പേ, ഞങ്ങളും ദൈവഹിതം അന്വേഷിച്ച് അത് ജീവിതത്തിൽ നിറവേറ്റാനുള്ള കൃപയ്ക്കുവേണ്ടി തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 സ്വർഗ. 1 നന്മ.** ആബാ ദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ കൃപനിറഞ്ഞ മർത്ത് മറിയത്തോടും നീതിമാനായ മാർ യൗസേപ്പിനോടുംചേർന്ന് ഞങ്ങൾ അങ്ങയെ കുമ്പിട്ട് ആരാധിച്ച്, സ്തോത്രം ചെയ്യുന്നു. *(10 തവണ)*

**1 ത്രിത്വ.**

## 2. രണ്ടാം ദൈവരഹസ്യം

മർത്ത് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട (മത്താ. 1:20) എന്ന ദൈവദൂതന്റെ സന്ദേശം സ്വീകരിച്ച മാർ യൗസേപ്പേ, ദൈവസ്വരത്തിനു കാതോർത്ത്, റൂഹാദ്ക്കുദ്ശായുടെ പ്രചോദനങ്ങൾക്കൊത്തവിധം ജീവിക്കുവാൻ ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 സ്വർഗ. 1 നന്മ.** - ആബാ ദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ (10 തവണ)
**1 ത്രിത്വ.**

## 3. മൂന്നാം ദൈവരഹസ്യം

ഗർഭിണിയായ മർത്ത് മറിയത്തേയുംകൂട്ടി പേരെഴുതിക്കാനായി നസ്രത്തിൽനിന്നും ബെത്ലഹേമിലേക്ക് പോയ മാർ യൗസേപ്പേ (ലൂക്കാ. 2:4). ജീവനും ജീവിതവും ദൈവദാനങ്ങളാണെന്ന് ഓർത്തുകൊണ്ട് കല്പനകൾ അനുസരിക്കുവാനും പരസ്പരം ബഹുമാനിക്കുവാനും ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 സ്വർഗ. 1 നന്മ.** 10 തവണ - ആബാ ദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ
**1 ത്രിത്വ.**

## 4. നാലാം ദൈവരഹസ്യം

പുൽക്കൂട്ടിൽപിറന്ന ദൈവകുമാരനെ മർത്ത് മറിയത്തോടും മാർ യൗസേപ്പിനോടുംകൂടെ കണ്ടു ആരാധിച്ച ആട്ടിടയരോടും ജ്ഞാനികളോടുംചേർന്ന് (ലൂക്കാ. 2:16) ഈശോമിശിഹായെ ആരാധിക്കാനും തിരുക്കുടുംബത്തെ മാതൃകയാക്കാനും മാർ യൗസേപ്പേ ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 സ്വർഗ. 1 നന്മ.** 10 തവണ - ആബാ ദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ
**1 ത്രിത്വ.**

## 5. അഞ്ചാം ദൈവരഹസ്യം

ദൈവപുത്രന് ഈശോ എന്ന പേര് നൽകാൻ ഭാഗ്യം ലഭിച്ച മാർ യൗസേപ്പേ (മത്താ.1:25) ജ്ഞാനസ്നാനത്തിൽ ഞങ്ങൾക്ക് ലഭിച്ച പേരിനു കാരണഭൂതരായ വിശുദ്ധരെ അറിയുവാനും അവരുടെ സുകൃതങ്ങൾ അനുകരിച്ച് യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കുവാനും ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 സ്വർഗ. 1 നന്മ.** 10 തവണ - ആബാ ദൈവമേ, ഈശോമിശിഹായേ, റൂഹാദ്ക്കുദ്ശായേ

**1 ത്രിത്വ.**

## സമർപ്പണം

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, നീതിമാനായ മാർ യൗസേപ്പിനെ തിരുക്കുടുംബത്തിന്റെ നാഥനും തിരുസഭയുടെ സംരക്ഷകനുമായി നൽകിയ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. ഈശോമിശിഹായുടെ വളർത്തുപിതാവിനോട് അങ്ങേക്കുള്ള സ്നേഹത്തെപ്രതിയും മക്കളായ ഞങ്ങളോടുള്ള അവിടുത്തെ വാത്സല്യത്തെപ്രതിയും ഞങ്ങൾ സമർപ്പിച്ച ഈ പ്രാർത്ഥന അങ്ങ് സ്വീകരിക്കണമേ. മാർ യൗസേപ്പിന്റെ സഹായത്താൽ, ദൈവതിരുമനസിനു കീഴ്വഴങ്ങി, ദൈവഭയത്തിലും നീതിയിലും വിശുദ്ധിയിലും വിനയത്തിലും ജീവിച്ച്, സ്വർഗത്തിൽ എത്തിച്ചേരാൻ ഞങ്ങളെ സഹായിക്കണമേ. അനുദിന ജീവിതക്ലേശങ്ങളെ വിശ്വാസത്തോടും സന്തോഷത്തോടുംകൂടെ സ്വീകരിക്കാനും ദുഷ്ടപിശാചിനെയും അവന്റെ കെണികളെയും ഉന്മൂലനം ചെയ്യാനും നിത്യജീവന് അവകാശികളാകാനും മാർ യൗസേപ്പിന്റെ സ്വർഗീയ മധ്യസ്ഥത ഞങ്ങൾക്ക് ഉണ്ടാകുമാറാകട്ടെ. തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പേ, ഞങ്ങളുടെ കർത്തവ്യങ്ങൾ ഉത്തരവാദിത്വത്തോടുകൂടെ നിറവേറ്റാനും കൃതജ്ഞതയോടെ വ്യാപരിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ. എളിയവരും ബലഹീനരുമായ ഞങ്ങളുടെ ഈ പ്രാർത്ഥന, സ്വർഗീയഗണങ്ങളുടെ സ്തുതികളോട് ചേർത്ത്, മർത്ത് മറിയത്തിന്റെ തൃപ്പാദത്തിങ്കലും മാർ യൗസേപ്പിന്റെ തിരുക്കരങ്ങളിലും ഞങ്ങൾ സമർപ്പിക്കുന്നു. *ആമ്മേൻ*

### ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ, *കർത്താവേ അനുഗ്രഹിക്കണമേ*
മിശിഹായേ അനുഗ്രഹിക്കണമേ, *മിശിഹായേ അനുഗ്രഹിക്കണമേ*
കർത്താവേ അനുഗ്രഹിക്കണമേ, *കർത്താവേ അനുഗ്രഹിക്കണമേ,*
ആബാ ദൈവമേ, *ഞങ്ങളെ അനുഗ്രഹിക്കണമേ*
ഈശോമിശിഹായേ, *ഞങ്ങളെ അനുഗ്രഹിക്കണമേ*
റൂഹാദ്ക്കുദ്ശായേ, *ഞങ്ങളെ അനുഗ്രഹിക്കണമേ*
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ, *ഞങ്ങളെ അനുഗ്രഹിക്കണമേ.*

മർത്ത് മറിയമേ *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.*

# യൗസേപ്പിതാവിനോടുള്ള കീർത്തനം

**മാർ യൗസേപ്പേ, പ്രാർത്ഥിക്കണമേ പാപികൾ ഞങ്ങൾക്കായ്**

ദൈവപിതാവിൻ മനസ്സിനിണങ്ങിയ ദാവീദിൻസുതനേ,
ദൈവികനിധികൾ സൂക്ഷിക്കാനായി ദൈവം തേടിയോനേ
ദൈവത്തിൻമാതാവിനു കാവലൊരുക്കിയ പാലകനേ
ദൈവകുമാരനു സംരക്ഷകനായ് തീർന്നൊരുസ്നേഹപിതാ
തിരുസഭയുടെ സംരക്ഷകനേ, തിരുക്കുടുംബപാലകനേ
പൂർവപിതാവാം യൗസേപ്പായി ഞങ്ങൾക്കു ലഭിച്ചവനെ
ദൈവികമായ രഹസ്യം ഹൃദയേ കാത്തൊരു ദിവ്യാത്മാ
ദൈവികനന്മകളെല്ലാം ചേർന്നൊരു നൽവരദായകനെ
ആദരവോടെ വചനം കേട്ടതു ജീവിതമാക്കിയോനെ
രക്ഷാകരമാം ദൈവികപദ്ധതി സേവനമാക്കിയോനെ
ഈശോ എന്നൊരു നാമം നൽകാൻ ഭാഗ്യം കിട്ടിയോനെ
പ്രവാചകന്മാർക്കന്നും ഇന്നും പ്രകാശഗോപുരമേ
കന്യകമാരുടെ സംരക്ഷകനേ, കറയില്ലാത്തവനേ
കുടുംബജീവിതവഴിയിൽ മാതൃക നൽകിയ നൽപതിയേ
ആത്മവിശുദ്ധിയിൽ അങ്ങേയറ്റം ചേർന്നൊരു പുണ്യാത്മാ
രീതികളെല്ലാം നീതിയിലാക്കിയ നിർമല ദർപ്പണമേ
നിശ്ശബ്ദമായൊരു വഴിയെപോയൊരു വിശുദ്ധതാരകമേ
സ്വപ്നം കാണാൻ സ്വർഗം ചേരാൻ തിരുമനസ്സായവനേ
സ്വന്തേഷ്ടത്തെ ദൈവേഷ്ടത്തിൽ ചേർത്തൊരു ധന്യപിതാ
മറിയത്തിന്നൊരു വേദനചേർക്കാൻ മനസ്സുവരാത്തവനേ
മന്നിൻവേദന മാറ്റാനെന്നും ദൈവമയച്ചവനേ,
ആവശ്യങ്ങളിലോടിവരുന്നൊരു സ്നേഹസഹായകനേ
അദ്ധ്വാനംകൊണ്ട് അഖിലം നേടിയ കർമ്മനിരാമയനേ
ആർക്കും കയ്പുകൊടുക്കാതുള്ളൊരു ജീവിതസുകൃതം നീ
വിശ്വസ്തതയുടെ ഗോപുരമേ വിരക്തനായകനെ
ആകാശംപോൽ വിസ്തൃതമായൊരു മനസ്സിന്നുടയോനേ

*മാർ യൗസേപ്പേ, പ്രാർത്ഥിക്കണമേ പാപികൾ ഞങ്ങൾക്കായ്*

കുടുംബമെന്നാൽ സ്നേഹമാണെന്നറിയിച്ചൊരു താതാ
തൊഴിലുകളെല്ലാം തിരുഹിതമാക്കിയ ദൈവത്തിൻ തനയാ
ക്ഷാമം ദുരിതം പട്ടിണിമാറ്റാൻ കഴിവുള്ളോരപ്പാ
ദുഷ്ടപിശാചിനെ ദൂരയകറ്റും ധീരമഹാത്മാവേ
ശാന്തത വിനയാദികളുടെ പുണ്യം പൂക്കും പൂന്തോപ്പേ
പാപികൾ രോഗികൾ ഇവരുടെ പാതയിൽ ആശ്വാസപ്രദനേ
മരണവിപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കും താതാ
നല്ലൊരു മരണം നേടിത്തരുവാൻ കഴിവുള്ളോരപ്പാ
ഈശോ മറിയം യൗസേപ്പെന്നു വിളിച്ചുവണങ്ങീടാൻ

*മാർ യൗസേപ്പേ, പ്രാർത്ഥിക്കണമേ*
*പാപികൾ ഞങ്ങൾക്കായ്*

**ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടീ,**
*കർത്താവേ ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ*
**ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടീ,**
*കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*
**ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടീ,**
*കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ.*

## പ്രാർത്ഥിക്കാം

ദൈവമനസ്സിനിണങ്ങിയ നീതിമാനായ മാർ യൗസേപ്പേ, ഇതാ ഞങ്ങൾ അങ്ങേ പക്കൽ അണയുന്നു. അനർത്ഥങ്ങളിൽ അഭയമരുളുന്ന അങ്ങയുടെ പിതൃവാത്സല്യത്തിന് ഞങ്ങളെ ഭരമേല്പിക്കുന്നു. മർത്ത് മറിയത്തിന്റെ മധ്യസ്ഥതയും മാർ യൗസേപ്പിന്റെ സംരക്ഷണവും ദൈവരാജ്യാനുഭവത്തിൽ എന്നേക്കും ജീവിക്കാൻ ഞങ്ങളെ സഹായിക്കട്ടെ. നിത്യം ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ സർവ്വേശ്വരാ എന്നേക്കും. *ആമ്മേൻ.*

Written & Prepared by:
Fr. Joy Chencheril mcbs
Mr. S. Thomas (www.godsmusicforyou.com)
Songs: Written & composed by:
Fr. Joy Chencheril mcbs

**Imprimatur:**
**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain